# AKHILA MALANKARA ORTHODOX ALMAYAVEDHI

**(Laymen Initiative for Renaissance in Malankara Orthodox Chruch)**

**Reg. No. K - 713/2005**

**Post Box No. 652, II nd Floor, Kandathil Buildings, Temple Road, Kottayam - 686 001**

**E-mail: orthodoxalmayavedhi@yahoo.co.in Web: www.malankaraorthodoxalmayavedi.org**

**Phone: 0481 3255054**



കെ. വി. ഏബ്രഹാം കൊടുവത്ത്
(പ്രസിഡന്റ്)
ഫോൺ: 93874 27940

സാബു വടകര
(വൈസ് പ്രസിഡന്റ്)
ഫോൺ: 94474 56969

ക്യാപ്റ്റൻ കോശി മത്തായി
(വൈസ് പ്രസിഡന്റ്)
ഫോൺ: 93876 10283

തോമസ് ചാണ്ടി
(ജനറൽ സെക്രട്ടറി)
ഫോൺ: 0481 - 2517406, 3257546, 93494 37714

കുര്യൻ പി. കുര്യൻ
(ട്രഷറർ)
ഫോൺ: 93876 05735

ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ
(സെക്രട്ടറി)
(എഡിറ്റർ, അൽമായവേദി)
ഫോൺ: 93497 54448

ബാബു വെട്ടുവേലിൽ
(സെക്രട്ടറി)
ഫോൺ: 0481 - 2457776

ജോയ്സ് തോട്ടയ്ക്കാട്
(പി. ആർ. ഒ.)
ഫോൺ: 0481 - 3255054
99471 20697

**മുഖപത്രം: അൽമായവേദി**


**(STRICTLY CONFIDENTIAL)**

To,

H. B. Paulose Mar Milithios
Catholicate Designate, Malankara Orthodox Church
Devalokam, Kottayam

ശ്രേഷ്ഠ നിയുക്ത ബാവാതിരുമേനി,

സമീപകാലത്തായി സഭയുടെ ഭരണനിർവ്വഹണത്തിൽ കണ്ടുവരുന്ന ചില ദുഷ് പ്രവണതകളെകുറിച്ച് ഞങ്ങൾക്കുള്ള ആശങ്കകൾ തിരുമനസ്സിലെ ശ്രദ്ധയിൽ പെടുത്തുവാനും അവയ്ക്ക് പരിഹാരം കാണുവാനഭ്യർത്ഥിക്കുവാനുമായിട്ടാണ് ഞങ്ങൾ ഈ നിവേദനം സമർപ്പിക്കുന്നത്.

1. പ: ബാവാ തിരുമനസ്സിലെ ആരോഗ്യനിലയെപ്പറ്റി സഭയിലെ ജനങ്ങൾ ആശങ്കാകുലരാണ്. മുൻകാല പതിവനുസരിച്ച് സമയാസമയങ്ങളിൽ മെഡിക്കൽ ബുള്ളറ്റിനുകൾ പുറപ്പെടുവിക്കുന്ന പതിവ് ഇപ്പോൾ നിലവിലില്ല. സന്ദർശകരെ കർശനമായി വിലക്കിയിരിക്കുന്നു. പ. ബാവാ തിരുമനസിന്റെ ഓഫീസ് ജീവനക്കാർ ബാവായുടെ തീരുമാനങ്ങൾ എന്ന് അവകാശപ്പെട്ടുകൊണ്ട് ചില സുപ്രധാന കൽപ്പനകൾ പുറപ്പെടുവിക്കുകയും അവയിൽ പലതും പ. പിതാവിന്റെ അറിവോടെയോ സമ്മതത്തോടെയോ അല്ലെന്നുള്ളതും സാമാന്യം സൂക്ഷ്മമായി ഞങ്ങൾ അറിയുന്നു. മാനേജിംഗ് കമ്മറ്റിയിലേക്കുള്ള നോമിനേഷനുകൾ, വർക്കിംഗ് കമ്മറ്റി പുനഃസംഘടന മുതലായവ ചില ഉദാഹരണങ്ങൾ മാത്രം. പ്രഗത്ഭരായ ചില ഭിഷഗ്വരന്മാരെപ്പോലും തിരുമനസ്സിനെ കാണുവാനനുവദിക്കുന്നില്ല എന്നത് ഏറ്റവും ആശങ്കാകരമാണ്. സഭാതലവനായ പ: പിതാവിനെ ഒരു തടവുകാരനെപ്പോലെ വച്ചുകൊണ്ട് ചില സ്വാർത്ഥ താല്പര്യക്കാർ സഭയെ ഹൈജാക്ക് ചെയ്തിരിക്കുന്ന ഈ സാഹചര്യം സഭാമക്കളിൽ അത്യന്തം ആശങ്കയുണർത്തുന്നു.

2. എല്ലാവിധ നിയമങ്ങളും ലംഘിക്കുന്ന ചിലരെ പ്രോത്സാഹിപ്പിക്കുന്നതും വളരെ ലഘുവായ ചില കുറ്റങ്ങളാരോപിച്ച് മറ്റു ചിലരെ ശിക്ഷണ നടപടികൾക്ക് വിധേയരാക്കുന്നതും മേൽപ്പറഞ്ഞ കോക്കസിന്റെ പ്രവർത്തനം മൂലമെന്ന് അനുമാനിക്കുന്നതിൽ തെറ്റുണ്ടാവാൻ വഴിയില്ല. ആവർത്തിച്ചാവർത്തിച്ച് അച്ചടക്കം ലംഘിക്കുന്ന ഫാ. ഡോ. എം. ഒ. ജോണിന്റെ വ്യാജ മാനേജിംഗ് കമ്മറ്റിയംഗത്വം പോലും അംഗീകരിക്കുന്ന സഭാനേതൃത്വം മറ്റു പലരേയും പ്രത്യേകിച്ച് ഗൗരവമുള്ള കുറ്റങ്ങളില്ലാതെ ശിക്ഷിക്കുന്നതും നീതിരഹിതമായ ഭരണത്തിന്റെ ഭാഗമായി മാത്രമേ കാണുവാൻ സാധിക്കയുള്ളു.

3. വ്യവസ്ഥാപിതമായ സമിതികളെടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കാതിരിക്കുകയും ചിലരുടെ വ്യക്തിവൈരാഗ്യങ്ങൾ തീർക്കുവാനായി അവിശുദ്ധമായ വേഗതയിൽ നടപടികളെടുക്കുന്നതും ചില പ്രത്യേക താല്പര്യക്കാർക്ക് സഭാനേതൃത്വം വഴങ്ങുന്നതിന്റെ ഉദാഹരണങ്ങളാണ്.

4. സഭയെ വെട്ടിമുറിക്കുവാനും പങ്കുവക്കുവാനും നടക്കുന്ന പല രഹസ്യ ആലോചനകളിലും മേൽപ്പട്ടക്കാരുൾപ്പെടെ സഭാനേതൃത്വത്തിൽ പലരും പങ്കെടുക്കുന്നത് ഇന്ന് അത്ര രഹസ്യമായ കാര്യമല്ല. പിൻവാതിലിലൂടെ സഭാഭരണം നിയന്ത്രിക്കുന്ന ഈ കോക്കസ് ഈ നീക്കങ്ങൾക്ക് രഹസ്യ പിന്തുണ നൽകുന്നുവെന്ന് ഞങ്ങൾ സംശയിക്കുന്നു.

ഇത്തരം ദുഷ്പ്രവണതകൾക്ക് വിരാമമിടുവാൻ ഞങ്ങൾ വളരെ വിനീതമായി തിരുമനസ്സിനോട് അഭ്യർത്ഥിക്കുന്നു. സഭാതാല്പര്യങ്ങളേക്കാൾ തങ്ങളുടെ വ്യക്തിതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ വ്യഗ്രത പുലർത്തുന്നവർക്കെതിരെ തിരുമേനി ജാഗ്രത പുലർത്തണമെന്നും വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

എന്ന്

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിക്കുവേണ്ടി

കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്)

തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി)

കോട്ടയം
29-05-2007

**Copy to:**
1. Synod Members
2. Priest Trustee & Lay Trustee